LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

പുതുക്കോട് ഗ്രാമപഞ്ചായത്ത് അധികൃതർ കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാലയെ സമീപിക്കുകയാണെങ്കിൽ ആവശ്യമുള്ള ഉപദേശങ്ങളും സഹായങ്ങളും സർവ്വകലാശാല നൽകുന്നതാണ്.

## മൃഗസംരക്ഷണ ചെക്ക് പോസ്റ്റുകൾ

258 (1726) ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അതിർത്തികളിൽ എത്ര മൃഗസംരക്ഷണ ചെക്ക് പോസ്റ്റുകളാണുള്ളത് ; ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ചെക്ക്പോസ്റ്റുകളിൽ നിയമിച്ചിട്ടുള്ള മൃഗഡോക്ടർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ തസ്തികകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത ചെക്ക്പോസ്റ്റുകളിൽ നിലവിൽ ഡോക്ടർമാരുണ്ടോ ; എങ്കിൽ ഏതെല്ലാം ചെക്ക്പോസ്റ്റുകളിലാണ് ഡോക്ടർമാർ ഇല്ലാത്തത് ;

(ഡി) ഡോക്ടർമാർ ഇല്ലാത്ത ചെക്ക്പോസ്റ്റുകൾവഴി രോഗബാധിതരായ മൃഗങ്ങളെ കൊണ്ടുവരുന്നത് തടയാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) പടർന്ന് പിടിക്കുന്ന കുളമ്പുരോഗം തടയാൻ മൃഗസംരക്ഷണ വകുപ്പിന്റെ ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) മൃഗസംരക്ഷണ വകുപ്പിന്റെ ചെക്ക്പോസ്റ്റുകൾവഴി അന്യസംസ്ഥാനത്തുനിന്നും ശരാശരി എത്ര മൃഗങ്ങളെയാണ് ഒരു മാസം കേരളത്തിൽ കൊണ്ടുവരുന്നതെന്ന് വിശദമാക്കുമോ ?

**ഉത്തരം**

(എ) സംസ്ഥാനത്തെ അതിർത്തികളിൽ 18 മൃഗസംരക്ഷണ ചെക്ക് പോസ്റ്റുകളാണുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വാളയാർ, പാറശ്ശാല എന്നീ രണ്ട് ചെക്ക്പോസ്റ്റുകളിൽ ഓരോ ഡോക്ടർമാരുടെ തസ്തിക വീതമുണ്ട്. പെർള ഒഴികെയുള്ള എല്ലാ ചെക്ക് പോസ്റ്റുകളിലും ഫീൽഡ് ഓഫീസർ-1, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ-3, അറ്റൻഡർമാർ-2 എന്നീ തസ്തികകളാണുള്ളത്. പെർള ചെക്ക്പോസ്റ്റിൽ ഫീൽഡ് ഓഫീസർ -3, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ-6, അറ്റൻഡർ -1 എന്നീ തസ്തികകളാണുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വാളയാർ, പാറശ്ശാല എന്നീ ചെക്ക്പോസ്റ്റുകളിൽ നിലവിൽ ഡോക്ടർമാർ സേവനമനുഷ്ഠിക്കുന്നുണ്ട്. ബോഡിമെട്ട്, കമ്പമെട്ട്, ഗോപാലപുരം, ഇരിട്ടി, കാർത്തികുളം, കോഴിപ്പാറ, കുമിളി, കുന്നത്തൂർ, മീനാക്ഷിപുരം, മുതലമട, മട്ടത്തുകാട്, സുൽത്താൻബത്തേരി, തെന്മല, വഴിക്കടവ്, ആർ.പി പാലക്കാട്, പെർള എന്നീ 16 ചെക്ക് പോസ്റ്റുകളിൽ നിലവിൽ ഡോക്ടറുടെ സേവനം ലഭ്യമല്ല.

(ഡി) കടത്തിവിടുന്ന മൃഗങ്ങൾ രോഗബാധിതമല്ലെന്നും രോഗപ്രതിരോധശേഷി ഉള്ളവയാണെന്നും സാക്ഷ്യപ്പെടുത്തുന്ന ജില്ലാ വെറ്ററിനറി ഓഫീസറുടെ കയ്യൊപ്പോടു കൂടിയ സർട്ടിഫിക്കറ്റ് കർശനമായി പരിശോധിക്കുന്നുണ്ട്.

(ഇ) ചെക്ക്പോസ്റ്റുകളിൽ ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർ നടത്തുന്ന പ്രാഥമിക ശാരീരിക പരിശോധന കൂടാതെ ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ 2013 ഒക്ടോബർ മുതൽ കുളമ്പ് രോഗനിർണ്ണയ കിറ്റ് ഉപയോഗിച്ച് കുളമ്പ് രോഗമുണ്ടെന്ന് സംശയിക്കപ്പെടുന്ന മൃഗങ്ങളെ പ്രത്യേക പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. 2012-13 മുതൽക്കുതന്നെ പക്ഷികളെ കടത്തുന്ന വാഹനങ്ങളിൽ പക്ഷിപ്പനി കിറ്റ് ഉപയോഗിച്ച് പരിശോധന നടത്തുന്നുണ്ട്. അറവിനായി കൊണ്ടുവരുന്ന മൃഗങ്ങൾക്ക് രോഗബാധയില്ലെന്ന് സർട്ടിഫിക്കറ്റ് നിർബന്ധമായി ഹാജരാക്കേണ്ടതാണ്. പരിശോധനയ്ക്കായി നിശ്ചയിച്ചിട്ടുള്ള ഫീസ് ഒടുക്കേണ്ടതും, അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട് പ്രകാരം ടാഗ് ചെയ്ത കന്നുകാലികളെ ചെക്ക് പോസ്റ്റുകളിൽ എണ്ണമനുസരിച്ച് നിർത്തേണ്ടതുമാണ്. കടത്തിക്കൊണ്ടുവരുന്ന മൃഗങ്ങളെ 1960 ലെ ജന്തുദ്രോഹ നിവാരണ ചട്ടപ്രകാരമുള്ള ചിട്ടവട്ടങ്ങൾ പാലിച്ച് കൊണ്ടുവരേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(എഫ്) നിലവിൽ ലഭ്യമായ കണക്കനുസരിച്ച് 50,000 മുതൽ 70,000 വരെ മൃഗങ്ങളെ ഒരു മാസം കേരളത്തിലേക്ക് കൊണ്ടുവരുന്നുണ്ട്.

## കന്നുകാലികളുടെ ഇൻഷ്വറൻസ് കവറേജ്

269 (1727) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുളമ്പുരോഗം വന്നു ചത്ത കന്നുകാലികളുടെ ഇൻഷ്വറൻസ് കവറേജ് പ്രകാരം ലഭിച്ചുവരുന്ന തുക ബന്ധപ്പെട്ട കർഷകന് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(ബി) കന്നുകാലികളുടെ ഇൻഷ്വറൻസ് ഇനത്തിൽ വലിയൊരു തുക പ്രീമിയമായി ഇൻഷ്വറൻസ് കമ്പനികൾക്ക് ലഭിക്കുന്നുണ്ടെങ്കിലും കുളമ്പുരോഗം പോലുള്ള രോഗങ്ങൾ ബാധിച്ച് കന്നുകാലികൾ ചത്തൊടുങ്ങുമ്പോൾ ആയതിന്റെ നഷ്ടപരിഹാരം നൽകുന്നതിൽ കമ്പനികൾ ഗുരുതരമായ വീഴ്ച വരുത്തുന്നുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly